## പതിമൂന്നാം കേരള നിയമസഭ

**ഒന്നാം സമ്മേളനം**


നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : **2489.**

18..7..2011-ൽ മറുപടിക്ക്

## ജൈവ പാലുല്പാദനത്തിനായി 'എക്കോസെർട്ട്' നൽകിയ നിർദ്ദേശങ്ങൾ

**ചോദ്യം**

**ശ്രീ. എ.കെ. ശശീന്ദ്രൻ.**

**ഉത്തരം**

**ശ്രീ. കെ.സി. ജോസഫ്**

**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)**

(എ) ജൈവ പാലുല്പാദനത്തിനായി എക്കോ സെർട്ട് എന്ന ഏജൻസി എന്തൊക്കെ നിർദ്ദേശ ങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എ) അത്തരമൊരു ഏജൻസിയുടെ നിർദ്ദേശ ങ്ങളൊന്നും ലഭ്യമായിട്ടില്ല.

(ബി) ഔഷധഗുണമുള്ള പാൽ ചുര ത്തുന്ന കപില പോലുള്ള നാടൻ പശുവിനങ്ങളെ വളർത്തുന്ന പദ്ധതിക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വെളിപ്പെടുത്തുമോ;

(ബി) നാടൻ പശുവായ കപിലയുടെ പാലിൽ ഔഷധഗുണമുള്ളതായി തിട്ടപ്പെടുത്തി യിട്ടില്ല. ക്ഷീരവികസന വകുപ്പ് എം.എസ്.ഡി.പി. പദ്ധതിയിൽ ഉൾ പ്പെടുത്തി നാടൻ പശുക്കളെ സംരക്ഷി ക്കുന്നതിനു വേണ്ടി ക്ഷീരകർഷകർക്ക ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് നിലവിൽ എത്ര ജൈവ ഡയറികളാണ് ഉള്ള തെന്നും അവ എവിടെയൊക്കെ യാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ?

(ഡി) ജൈവ ഡയറിയായി സർട്ടിഫൈ ചെയ്തിട്ടുള്ള ഡയറികൾ സംസ്ഥാനത്ത് നിലവിലില്ല.

**സെക്ഷൻ ഓഫീസർ.**